(സി) ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിനു കേന്ദ്ര ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുമോ; ഉണ്ടെങ്കിൽ എന്തു സഹായമാണു് ലഭിക്കുന്നതു്;

(ഡി) തിരുവനന്തപുരത്തെ വനിതാ പോളി ടെക്നിക്കിനു സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിക്കാത്തതിനു കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) മൂന്നു്.

(ബി) ഒരു സ്ഥാപനത്തിനും കെട്ടിടത്തിൻെറ പണി ആരംഭിച്ചിട്ടില്ല.

(സി) കേന്ദ്ര ഗവണ്മെൻറിൽനിന്നു ധനസഹായം ലഭിക്കും; ചെലവിൻെറ 50 ശതമാനമാണു് ധനസഹായമായി ലഭിക്കുന്നതു്.

(ഡി) തിരുവനന്തപുരം വനിതാ പോളി ടെക്നിക്കു് വളരെ സൗകര്യമായ ഒരു വാടകക്കെട്ടിടത്തിലാണു് ഇപ്പോൾ നടത്തിവരുന്നതു്. ഈ സ്ഥാപനത്തിനു സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കുന്നതു് ഒരു അടിയന്തിര കാര്യമല്ല.

ശ്രീ. പി. വിശ്വംഭരൻ: കേന്ദ്ര ഗവണ്മെൻറു 50 ശതമാനം ധനസഹായം നൽകുമെന്നിരിക്കേ, സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ ഗവണ്മെൻറു തയ്യാറാകാത്തതെന്തുകൊണ്ടാണു്?

ശ്രീ. ആർ. ശങ്കർ: 50 ശതമാനം ഈ ഗവണ്മെൻറു് ഉടനെ ചെലവു ചെയ്യണമെന്നുള്ളതുകൊണ്ടാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: തൃശ്ശൂർ വനിതാ പോളി ടെക്നിക്കിനു വേണ്ടി സ്ഥലം നിശ്ചയിച്ചിട്ടുണ്ടു്. കെട്ടിടം പണി എന്നു് ആരംഭിക്കും?

ശ്രീ. ആർ. ശങ്കർ: പണി എന്നാരംഭിക്കുമെന്നു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ആരംഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങളുടെ പണി തൽക്കാലം നിറുത്തിവച്ചിരിക്കുകയാണു്.

ശ്രീ. കെ.കൃഷ്ണപിള്ള: 50 ശതമാനം ചെലവു കേന്ദ്ര ഗവണ്മെൻറു വഹിക്കുമെന്നു പറഞ്ഞല്ലോ. വാടകയുടെ 50 ശതമാനം കേന്ദ്ര ഗവണ്മെൻറു തരുമോ?

ശ്രീ. ആർ. ശങ്കർ: വാടകയുടെ 50 ശതമാനം എത്രയോ കുറവാണു്.

പുതിയ സാങ്കേതിക കോളേജുകൾ

* 324. (11) ശ്രീ. എൻ. മോസ്സുരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷത്തിൽ നമ്മുടെ സ്റ്റേറ്റിൽ പുതുതായി എന്തെങ്കിലും സാങ്കേതിക കോളേജുകൾ ആരംഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയിൽ പ്രൈവറ്റു സെക്ടറിൽ എത്ര; പബ്ലിക് സെക്ടറിൽ എത്ര; എവിടെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ: സാങ്കേതിക കോളേജുകളായാലും, സ്കൂളുകളായാലും സ്വകാര്യമേഖലയിൽ സ്ഥാപിക്കുന്നതാണു ലാഭകരം എന്നു ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: സാധാരണ സ്കൂളുകളും സഹകാര്യമേഖലയിൽ നടത്തുന്നതു ലാഭകരമാണു്. പോളി ടെക്നിക്കുകളും, സാങ്കേതിക കാളേജുകളും ഇൻഡ്യാ ഗവണ്മെൻറിന്റെ സ്കീം അനുസരിച്ചാണു് നടത്തുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ: മുൻപൊരിക്കൽ മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ, സാങ്കേതിക കാളേജുകളിൽ ഒരു കുട്ടിയിൽനിന്നു 10,000 രൂപാവരെ വാങ്ങാൻ സൗകര്യമുണ്ടാവും. ആ നിലയ്ക്കു സഹകാര്യമേഖലയിൽ നടത്തുന്നതല്ലേ നല്ലതു്?

ശ്രീ. ആർ. ശങ്കർ: ബഹുമാനപ്പെട്ട മെമ്പർക്കു അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ ഒന്നു് അപേക്ഷിച്ചു നോക്കാവുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ: അങ്ങനെ അപേക്ഷിക്കാൻ ഇപ്പോഴും ഭാവമില്ല. മുഖ്യമന്ത്രി അടക്കമുള്ളവർക്കു് ഇതു് നടത്തി അനുഭവമുണ്ടല്ലോ.

ശ്രീ. ആർ. ശങ്കർ: അപ്രകാരം പ്രൈവറ്റു സ്ഥാപനങ്ങളും നടത്തുന്ന ആളുകളുമായി കൂടുതൽ അടുപ്പം ശ്രീ. ഈ. പി. ഗോപാലനുണ്ടായിരിക്കും.

ബസ്സു് ചാർജ്ജു്

* 325. [12] ശ്രീ. എസ്. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സുചാർജു് മിനിമംനിരക്കു് 10 പൈസയായി പുതുക്കുവാൻ ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണു് ;

(സി) ഇതുവരെയായി ഈ തീരുമാനം നടപ്പാക്കാതെയിരിക്കുന്നതിനുള്ള കാരണമെന്താണു് ;

(ഡി) എത്രയുംവേഗം അതു നടപ്പിൽ വരുത്താൻ വേണ്ട നടപടികളും സ്വീകരിക്കുമോ ;

(ഈ) ട്രാൻസ്പോർട്ടു് ഹൈലെവൽ എൻക്വയറി കമ്മീഷൻ രൂപീകരിച്ചതെന്നാണു് ;

(എഫ്) അതിന്റെ പ്രവൃത്തികളും പൂർത്തിയാക്കി റിപ്പോർട്ടു ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അതിന്റെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണു്;

(എച്ചു്) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്തെന്നു വ്യക്തമാക്കാമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) സാധാരണ ബസ്സിലെ മിനിമം ചാർജ്ജു് 10 നയാപൈസയായി കുറയ്ക്കാൻ ഗവണ്മെൻറു ഉദ്ദേശിച്ചിട്ടുണ്ടു്.

(ബി) 18–9–1963–ൽ.

(സി) മോട്ടാർവാഹനനിയമം 43–ാം വകുപ്പു് അനുശാസിക്കുന്ന നടപടിക്രമങ്ങളും പൂർത്തിയായതിനുശേഷമേ മിനിമം ചാർജ്ജു് കുറയ്ക്കുന്ന കാര്യത്തെപ്പറ്റി അവസാനതീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

(ഡി) വേണ്ട നടപടികളും എടുക്കുന്നുണ്ടു്.

(ഈ) 30–7–1963–ൽ.

LIBRARY ARCHIVES Kerala Legislative Assembly